# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 496 29.01.2019 -ൽ മറുപടിക്ക്

# വാണിജ്യ-വിപണന തന്ത്രങ്ങളിൽ പരിശീലനം

**ചോദ്യം** **ഉത്തരം**

**ശ്രീ. ഡി.കെ. മുരളി**

**ശ്രീ. ഇ.പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി )**

| | | | |
|---|---|---|---|
| എ) | നവ സംരംഭകർക്കും നിലവിലെ സംരംഭകർക്കും പുതിയ വാണിജ്യ-വിപണന തന്ത്രങ്ങളിൽ പരിശീലനം നൽകാനും അതുവഴി അവബോധമുണ്ടാക്കാനും വ്യവസായ-വാണിജ്യ വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | എ) & ബി) | വാണിജ്യ വിപണന തന്ത്രങ്ങൾ രൂപപ്പെടുത്തുന്നതിന് മാത്രമായി പരിശീലന പദ്ധതികൾ വ്യവസായ വകുപ്പിൽ നിലവിൽ ഇല്ലെങ്കിലും നവസംരംഭകർക്കായി പൊതുവായുള്ളതും പ്രത്യേക വ്യവസായ മേഖലകളെ സംബന്ധിക്കുന്നതുമായ പരിശീലന പദ്ധതികൾ ഉണ്ട്. വാണിജ്യ വിപണന തന്ത്രങ്ങൾ സംബന്ധിച്ച അറിവും അവബോധവും നൽകുന്നതിനും കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനുമായി, നവസംരംഭകർക്കും നിലവിലെ സംരംഭകർക്കും എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലനപദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവത്കരണ പരിപാടി, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയ പരിപാടികൾ നടത്തി വരുന്നു. |
| ബി) | ആയത് സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ ? | | |

സെക്ഷൻ ഓഫീസർ